കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തൃക്കൂർ ഗ്രാമപഞ്ചായത്ത്

2015-2016

# ഓഡിറ്റ് റിപ്പോർട്ട്

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ.ടിഎസ്ആർ(പി 6)2058/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680 020
Ph.No.0487 2331249
ഇ-മെയിൽ: dotsr.ksad@kerala.gov.in
തീയതി.22.11.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃക്കൂർഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃക്കൂർ ഗ്രാമപഞ്ചായത്ത് - 2015-2016 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ
3)കാര്യാലയ പകർപ്പ്

നം കെ എസ് എ.ടി.എസ്.ആർ (പി.6 )2058 /2016 തിയ്യതി: 22.11.2016

## തൃശ്ശൂർ ജില്ലയിലെ തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 12.5.15 മുതൽ 2.11.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്,31.3.16 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ – ശ്രീ.ചേക്കുട്ടി.കെ.യു.
ഡെപ്യൂട്ടിഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം – 2.11.2016 മുതൽ 9.11.2016 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| |
|---|
| ശ്രീമതി.ലത.എം.എൻ<br><br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീമതി.ചൈതന്യാപുരുഷോത്തമൻ<br><br>അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഹാരിഷ്.വി.എ<br><br>അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.രമാദേവി .കെ |

| |
|---|
| ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീ.ഷെന്നി ആന്റോ പനോക്കാരൻ | 1.4.2014മുതൽ 2.10.2015 വരെ |
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 3.10.2015മുതൽ 18.10.2015 വരെ |
| ശ്രീമതി. പ്രേമകുട്ടൻ | 19.10.2015മുതൽ 31.3.2016വരെ |

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| ശ്രീ.സോളമൻ സേവ്യർ | 1.4.2015മുതൽ 25.5.2015 വരെ |
| ശ്രീ.എ.കെ.രാജൻ | 25.5.2015 മുതൽ<br><br>19.7.2015 വരെ |
| ശ്രീ.സോളമൻ സേവ്യർ | 20.7.2015മുതൽ 31.8.2015 വരെ |
| ശ്രീ.എ.കെ.രാജൻ | 1.9.2015മുതൽ 31.3.2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി എഞ്ചിനീയർ | അനു.വി.പ്രഭു | 1.4.2015മുതൽ 31.3.2016 വരെ |
| കൃഷി ഓഫീസർ | ഡോ.സ്വപ്ന | 1.4.2015മുതൽ 31.3.2016 വരെ |
| ഐസിഡി എസ് സൂപ്പർ വൈസർ | ശാന്ത.കെ.കെ | 1.4.2015മുതൽ 31.3.2016 |

| | | |
|---|---|---|
| | | വരെ |
| മെഡിക്കൽഓഫീസർ,പി.എച്ച്.സി. | ഡോ.ബിനോയ്.ഡി.രാജ് | 1.4.2015മുതൽ .31.7.2015 വരെ |
| | ഡോ.ഫ്രാൻസി.( ഇൻ ചാർജ്) | 1.8.2015മുതൽ 31.12.2015വരെ |
| | ഡോ.ബിനോയ്.ഡി.രാജ് | 1.1.2016മുതൽ 31.3.2016 വരെ |
| മെഡിക്കൽഓഫീസർ,ആയുർവേദം | ഡോ.സ്മിത..ആർ | 1.4.2015മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ(എൻ.ആർ.എച്ച്.എം) | ഡോ.രംഗീല രംഗനാഥൻ | 1.4.2015മുതൽ 31.3.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.ബിന്ദുബാലകൃഷ്ണൻ | 1.4.2015മുതൽ 31.3.2016 വരെ |
| ഹെഡ്മിസ്ട്രസ്സ് | സി.ജി. കരുണാവതി | 1.4.2015മുതൽ 31.5.2015വരെ |
| | ഷീന ജോസഫ്( ഇൻ ചാർജ്) | 1.6.2015മുതൽ 9.6.2015വരെ |
| | ഗ്രേസി.സി.എൽ | 10.6.2015 മുതൽ 31.3.2016 വരെ |
| വി.ഇ.ഒ (തൃക്കൂർ,കല്ലൂർ) | എം.എസ് .സന്തോഷ് കുമാർ | 1.4.2015 മുതൽ 31.3.2016 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഇഷ മുരളി | 1.4.2015 മുതൽ 31.3.2016 വരെ |
| അസി.സെക്രട്ടറി | എ.കെ.രാജൻ | 1.4.2015 മുതൽ 31.3.2016 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. | 2-1 |
| 13 | പാരാമെഡിക്കൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച്. | 2-2 |
| 14 | ഡെവലപ്മെന്റ് പെർമിറ്റ് എടുത്തവർക്ക് പെർമിറ്റ് നല്കുന്നത് സംബന്ധിച്ച്. | 2-3 |
| 15 | ഡി ആന്റ് ഓ ലൈസൻസ് -വരുമാനം കുറഞ്ഞതിന്റെ കാരണം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 2-4 |
| 16 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 2-5 |
| | ഭാഗം 3 | |
| 17 | സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ | 3-1 |

| | | |
|---|---|---|
| | പദ്ധതികൾ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.218597രൂപ തടസ്സപ്പെട്ടുത്തുന്നു | |
| 18 | ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും വാർഷികബത്തയും -അർഹമായ വിഹിതം ഉറപ്പുവരുത്തേണ്ടതാണ്. | 3-2 |
| 19 | പൊതുടാപ്പുകളുടെ കരം-സംയുക്ത പരിശോധന നടത്തേണ്ടതാണ്. | 3-3 |
| 20 | തെരുവുവിളക്കുപരിപാലനം -മാർഗരേഖയിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്. | 3-4 |
| 21 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) നടപ്പിലാക്കിയ പദ്ധതികൾ -പണമടച്ച് മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ ലഭിച്ചിട്ടില്ല, സർക്കാർ ഉത്തരവ് പാലിക്കാതെ മരുന്ന് വാങ്ങുന്നതിന് പണം ചെലവഴിച്ചു | 3-5 |
| 22 | പണം അടച്ച് മാസങ്ങൾ കഴിഞ്ഞിട്ടും ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല | 3-6 |
| 23 | രണ്ടാം ഘട്ട ആശ്രയ പദ്ധതി നിർവ്വഹണത്തിനായി ലഭിച്ച തുക ചെലവഴിക്കാതെ മുതനിക്ഷേപമായി കിടക്കുന്നു. | 3-7 |
| 24 | രാജീവ്ഗാന്ധി സമ്പൂർണ്ണ ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ച് ധനസഹായം പൂർണ്ണമായി വാങ്ങിയിട്ടില്ല | 3-8 |
| 25 | ടെണ്ടർഫോറം വില | 3-9 |

| | | |
|---|---|---|
| | പഞ്ചായത്തിനു ലഭ്യമാക്കേണ്ടതാണ്. | |
| 26 | മരാമത്ത്പ്രവർത്തികളുടെ ബില്ലിൽനിന്നും പിഴ ഈടാക്കിയിട്ടില്ല | 3-10 |
| 27 | റോഡ് കോൺക്രീറ്റിങ്ങ് ഡി എസ്ആർ പ്രകാരമല്ല | 3-11 |
| 28 | ഭരത ചെക്ക് ഡാം – പ്രദേശവാസികളുടെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടിയെടുക്കണം | 3-12 |
| ഭാഗം 4 | | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |

# ഭാഗം 1

## പൊതു അവലോകനം

# 1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 30.3.15 തിയതിയിലെ 1ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് 124723915 രൂപയും ചെലവ് 139836651 രൂപയുമാണ്.

# 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|

| | |
|---|---|
| 31.7.15 | 28.7.15 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2015-16 | 7.11.16 |

1.വസ്തു നികുതി (തൻവർഷം,കുടിശ്ശിക)ഇനത്തിൽ ലഭിക്കേണ്ടിയിരുന്നത്,പിരിച്ചെടുത്തത് ,ശേഷിക്കുന്ന തുക എന്നിവ വാർഷിക കണക്കിലേതും ബന്ധപ്പെട്ട ഡിമാൻറ് രജിസ്റ്ററിലേതും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2. നാളിതുവരെ സൃഷ്ടിക്കപ്പെട്ട ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ഓരോ മാസം 10-ാം തിയതിക്കകം തൊട്ട് മുൻമാസത്തെ റസിറ്റ് ആന്റ് പേയ്മെന്റ് പത്രിക തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയ്ക്ക് സമർപ്പിച്ച് അംഗീകരിക്കുന്നില്ല.

4. നിർവഹണ ഉദ്യോഗസ്ഥൻ മുഖേനയുള്ള പ്രോജക്ടുകളിൽ നിന്നും ഈടാക്കുന്ന വാറ്റ് , ആദായനികുതി , നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24774745 |
| വരവ് | 43275487 |
| ആകെ | 68050232 |
| ചെലവ് | 55256236 |
| നീക്കിയിരിപ്പ് | 12793996 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ്. | നീക്കിയിരിപ്പ് (RP40b) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2870914 | 9251378 | 12122292 | 12122292 | 0 | 0 |
| വികസനഫണ്ട് എസ്.സി.പി. | 1522555 | 3488814 | 5011369 | 4504806 | 506563 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 78000 | 0 | 78000 | 0 | 78000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 718671 | 7362469 | 8081140 | 8081140 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 763009 | 2804046 | 3567055 | 3567055 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2962961 | 5848350 | 8811311 | 6848037 | 1963274 | 0 |
| ലോകബാങ്ക് സഹായം | 3765112 | 2981737 | 6746849 | 3740237 | 3006612 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 146 | 76994924 | 116 | 61325457 | 13 | 17 | 80% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് |
|---|---|---|
| 1 | 143 | കേരളോത്സവം-2015 |
| 2 | 148 | ജി.എൽ .പി.സ്കൂൾ കോമ്പൗണ്ടിനോടു ചേർന്നു നിൽക്കുന്ന ഇലക്ട്രിക് ലൈൻ മാറ്റുന്നതിന് കെ.എസ്.ഇ.ബി യിൽ തുക അടക്കൽ |
| 3 | 21 | മുട്ടിക്കൽ ബണ്ട് റോഡ് റീടാറിങ്ങ്, സോളിംഗ്, മെറ്റലിംഗ് വാർഡ് |

| | | |
|---|---|---|
| | | 4 |
| 4 | 29 | നായരങ്ങാടി യുവലയം ക്ലബ്ബ് കനാൽ ബണ്ട് റോഡ് ലെഫ്റ്റ് സോളിംഗ് വാർഡ് 14 |
| 5 | 123 | പൂണിശ്ശേരി റോഡ് റീടാറിംഗ് വാർഡ് 8 |
| 6 | 151 | കുടുംബശ്രീ കാർഷിക വിപണനകേന്ദ്രം അടിസ്ഥാനസൗകര്യമൊരുക്കൽ |
| 7 | 158 | നവധാരാ കനാൽ ബണ്ട് ലെഫ്റ്റ് സോളിംഗ് തേർഡ് റീച്ച് വാർഡ് 17 |
| 8 | 108 | പട്ടികജാതിയിൽപ്പെട്ട യുവജനങ്ങൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം നൽകൽ |
| 9 | 30 | ഭൂരഹിതർക്ക് വീട് വക്കുന്നതിന് ഭൂമി വാങ്ങാൻ ധനസഹായം |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 11.6% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5714986 | 5167074 | 547932 | -9.5 |
| നികുതിയേതര വരവുകൾ | 1083015 | 1654477 | 571462 | 52.76 |
| മറ്റുവരവുകൾ | 7671654 | 9340191 | 1668537 | 21.7 |
| ആകെ | 14469655 | 16161722 | 1692067 | 11.6 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 220560 | 133 |
| കർഷകതൊഴിലാളി പെൻഷൻ | 4753980 | 593 |
| വിധവാപെൻഷൻ | 9583920 | 987 |
| വാർദ്ധക്യകാലപെൻഷൻ | 11280810 | 1663 |
| വികലാംഗപെൻഷൻ | 2804700 | 322 |
| അവിവാഹിതരായ 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 955720 | 93 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5.11.2016 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16028 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.10.2016-26.10.16 | 9/2016 | 26.10.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.10.2015-11.10.15 | 2014-15 | 30.12.2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

2015-16 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതിൽ താഴെ കൊടുത്തിരിക്കുന്ന ന്യൂനതകൾ ഉണ്ട് .

1. തൊഴിൽ നികുതി ഈടാക്കിയിട്ടുള്ള ചില വ്യക്തികൾ, ജീവനക്കാരിൽ നിന്നും ഒരു അർധവർഷത്തിൽ മാത്രമാണ് തൊഴിൽ നികുതി ഈടാക്കിരിക്കുന്നത്.

| ക്രമ നമ്പർ | തൊഴിലാളി-ജീവനക്കാരന്റെ പേര് | തസ്തിക, സ്ഥാപനം | തൊഴിൽ നികുതി ഈടാക്കാനുള്ള കാലയളവ് |
|---|---|---|---|
| 1 | ശ്രീവിദ്യ ടി കെ | ഫാർമസിസ്റ്റ് , ഗവ. ആയുർവേദ ഡിസ്പെൻസറി,കല്ലൂർ | രണ്ടാം അർധവർഷം |
| 2 | ഹീരാറാണി എൻ ബി | വി ഇ ഒ | രണ്ടാം അർധവർഷം |
| 3 | അനൂപ്കുമാർ സി | എച്ച് എം , ടി പി എസ് എച്ച് എസ് തൃക്കൂർ, | ആദ്യ അർധവർഷം |
| 4 | മാർട്ടിൻ എം ഓ | എച്ച് എസ് എ , ടി പി എസ് എച്ച് എസ് തൃക്കൂർ, | “ |
| 5 | ശോഭ എസ് ബി | എച്ച് എസ് എസ് ടി ജൂനിയർ, ടി പി എസ് എച്ച് എസ് എസ്, തൃക്കൂർ, | രണ്ടാം അർധവർഷം |
| 6 | നിഷാമോൾ കെ പി | എച്ച് എസ് എസ് ടി ജൂനിയർ, ടി പി എസ് എച്ച് എസ് എസ്, തൃക്കൂർ, | ആദ്യ അർധവ ർഷം |

(2). ഡി ആന്റ് ഓ ലൈസൻസിനുള്ള അപേക്ഷപ്രകാരം ഒന്നിലധികം ജീവനക്കാരുള്ള സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനഉടമയിൽ നിന്നും, ബാധകമായവയിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര്, | സ്ഥാപന ഉടമയുടെ പേര് | ജീവന ക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | ബിൽടെക്ക് സിമൻറ് പ്രോഡക്ട്സ് | ടി സി ദേവസ്സി | 10 | |

| | | | | |
|---|---|---|---|---|
| 2 | ലക്ഷ്മീദേവി ടൈൽ വർക്കസ് | കെ ആർ ഗോപാലൻ | 6 | |
| 3 | സെവൻ സ്റ്റാർ ഇൻഡസ്ട്രീസ് | ഷാജൻ കൃഷ്ണൻകുട്ടി | 6 | |
| 4 | ഗുരുദേവ ക്ളേ പ്രോഡക്ട്സ് | ജോൺസൺ സി എ | 20 | |
| 5 | യുണീക് എൻററർപ്രൈസസ് | ടി എ ജോസ് | 5 | |

ഇത്തരം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺസ് സമർപ്പിക്കാൻ ആവശ്യപ്പെട്ട് വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3) 2015-16 വർഷത്തിൽ പഞ്ചായത്തിന്റെ മരാമത്ത് പ്രവർത്തികൾ നടത്തി പ്രതിഫലം വാങ്ങിയ കോൺട്രാക്ടർമാരിൽ നിന്നും അവരുടെ വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-2 പാരാമെഡിക്കൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ

തൃക്കൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സുനേത്രി ആയുർവേദാശ്രമം ആൻറ് റിസേർച്ച് സെന്റർ എന്ന സ്ഥാപനത്തിന് പാരമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കി നല്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയലിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ട് മാത്രമാണ് ഉള്ളത് . 2007 ലെ കേരള പഞ്ചായത്ത് രാജ് ആയുർവേദ ആരോഗ്യ കേന്ദ്രങ്ങൾ (അംഗീകാരപത്രം നല്കലും നിയന്ത്രിക്കലും) ആക്ട് അനുസരിച്ച് ടി സ്ഥാപനം ജില്ലാ ആയുർവേദ മെഡിക്കൽ ഓഫീസറുൾപ്പെടുന്ന അധികാരികൾ പരിശോധിച്ച് അംഗീകാരം നേടിയിട്ടുള്ളതാണോ എന്ന് പരിശോധനാ വിധേയമാക്കേണ്ടതാണ്. അംഗീകാരം സംബന്ധിച്ച് രേഖകൾ അപേക്ഷയോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

## 2-3 ഡെവലപ്മെന്റ് പെർമിറ്റ് എടുത്തവർക്ക് പെർമിറ്റ് നല്കുന്നത്

2015-16 വർഷത്തിലെ ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്റർ അനുസരിച്ച് ആകെ 341 പെർമിറ്റ് അപേക്ഷ ലഭിച്ചതിൽ 205 അപേക്ഷകൾ എൻ ഒ സി ലഭിക്കുന്നതിനുള്ളതാണ്. ഇതിൽ വളരെ കുറച്ച് എണ്ണത്തിന് മാത്രമാണ് ഡെവലപ്മെന്റ് പെർമിറ്റ് എടുക്കുകയോ, എടുക്കാനായി നിർദേശിക്കുയോ ചെയ്തിട്ടുള്ളത്. 2011 ലെ കേരള പഞ്ചായത്ത് ബിൽഡിങ്ങ് റൂൾസ് അനുസരിച്ച് തദ്ദേശസ്വയംഭരണസ്ഥാപന അധികാരി അനുവദിച്ച ഡെവലപ്മെന്റ് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഭൂമിയുടെ ഉപയോഗത്തിന്റെ തരം വ്യത്യാസപ്പെടുത്തുവാൻ അനുവാദമുള്ളത്. വീട് നിർമിക്കുന്നതിനുള്ള പെർമിറ്റ് എടുത്ത് ടി ഭൂമിയിൽ വീട് പണിയുന്നതിന് എന്ന വിധത്തിൽ പ്ലോട്ടിൽ നിന്നും മണ്ണ് ഖനനം ചെയ്ത് മാറ്റി വില്പന നടത്തുന്നതിനാൽ ഭൂപ്രകൃതി തന്നെ ആകെ വ്യത്യാസപ്പെടുന്നുണ്ട്. ഈ പ്രവണത വ്യാപകമാവുന്നതിനാൽ പഞ്ചായത്തിന്റെ സ്വാഭാവിക പ്രകൃതി നിലനിർത്തി, മണ്ണ്, ജലം എന്നിവ സംരക്ഷിക്കപ്പെടുന്നതിനുമായി പഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ട് . 27-9-16 ലെ V(14) തീരുമാനം അനുസരിച്ച്

കെട്ടിട നിർമാണ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം മണ്ണ് ഘനനം ചെയ്യുന്നതിന് അനുമതി നല്കരുത് എന്നും, ഇത്തരം അനുമതിയുടെ അനിവാര്യത പഞ്ചായത്തിന് ബോധ്യപ്പെട്ട്, ഭരണസമിതിയുടെ കൂടി അറിവോടും അംഗീകാരത്തോടെയും മാത്രമേ ഇക്കാരം അനുവദിക്കാവൂ എന്ന് മൈനിങ്ങ് അൻറ് ജിയോളജി അധികൃതരെ അറിയിക്കുവാനും തീരുമാനമെടുത്തിട്ടുണ്ട് . ഈ വിഷയത്തിലെ പുരോഗതി പഞ്ചായത്ത് വിലയിരുത്തേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 2-4 ഡി ആന്റ് ഓ ലൈസൻസ് -വരുമാനം കുറഞ്ഞതിന്റെ കാരണം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

ഡി അന്റ് ഓ ലൈസൻസ് ഫീസിനത്തിലെ വരവ് കഴിഞ്ഞ ആറ് വർഷങ്ങളായി കുറഞ്ഞു വരുന്നതായി കാണുന്നു. 2015-16 വർഷത്തിൽ തൊട്ടുമുമ്പ് വർഷത്തെക്കാളുള്ള കുറവ് ആപേക്ഷികമായി ചെറിയ തുകയാണെങ്കിലും, 2010-11 ലേതിൽ നിന്നും 44060 രൂപ കുറവാണ് . അപേക്ഷകളോടൊപ്പം ആവശ്യമായ രേഖകൾ ഇല്ലാത്തവയ്ക്ക് ലൈസൻസ് അനുവദിച്ചിട്ടില്ലാത്തതിനാലാണ് ഇത്തരത്തിൽ കുറവ് വന്നത് എന്നാണ് പഞ്ചായത്തിൽ നിന്നും അറിയിച്ചത് . മതിയായ രേഖകളില്ലാതെയും , ലൈസൻസില്ലാതെയും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കി തുടരാൻ അനുവദിക്കുന്നത് അഭിലഷണീയമല്ല.

| ക്രമ നമ്പർ | വർഷം | വരവ് |
|---|---|---|
| 1 | 2010-11 | 200000 |
| 2 | 2011-12 | 166555 |
| 3 | 2012-13 | 157588 |
| 4 | 2013-14 | 158410 |
| 5 | 2014-15 | 157350 |
| 6 | 2015-16 | 155940 |

# 2-5 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശികയുടെ വിവരം

| കെട്ടിട നമ്പർ | ഉടമയുടെ പേര് | വസ്തു നികുതി | കുടിശ്ശികയുള്ള കാലയളവ് |
|---|---|---|---|
| 13/252A | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 8282 | 2013-14 |

| | | | |
|---|---|---|---|
| 15/375 A | വോഡാഫോൺ എസ് ആർ | 2200 | 2010-11മുതൽ 2012-13 വരെ |
| | | 2852 | 2013-14 |
| 16/402 A | ടവർ വിഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 5704 | 2011-12 മുതൽ 2012-13 വരെ |
| | | 6270 | 2013-14 |
| 10/363 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 4990 | 2009-10 മുതൽ 2012-13 വരെ |
| | | 9900 | 2013-14 |
| 9/388 A | ഇൻഡ്യാ ടെലികോം ഇൻഫ്രാ പ്രൈവറ്റ് ലിമിറ്റഡ് | 3564 | 2012-13 |
| | | 4950 | 2013-14 |
| 10/364 | ഡിഷ്നെറ്റ് വയർലെസ്സ് ലിമിറ്റഡ് | 4278 | 2008-09 മുതൽ 2012-13 വരെ |
| | | 7930 | 2013-14 |
| 7/256A | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 7260 | 2013-14 |
| 15/410A | വയർലെസ് ടി ടി നെറ്റ് വർക്ക് ലിമിറ്റഡ് | 4990 | 2012-13 |
| | | 5093 | 2013-14 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും വാർഷികബത്തയും -അർഹമായ വിഹിതം ഉറപ്പുവരുത്തേണ്ടതാണ്.

പ്രോജക്ട് നമ്പർ-SO139/16

ട്രഷറിബിൽ നമ്പർ-7/15-16/31.3.16

തുക-270000

നിർവഹണഉദ്യോഗസ്ഥ-ഐ.സി.ഡി.എസ്. സൂപ്പർവൈസർ

സബ്സിഡി മാർഗരേഖ 362/13 ത.സ്വ.ഭ.വ തീയതി 16.11.13 ഖണ്ഡികനമ്പർ 5.8 പ്രകാരം ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി തയ്യാറാക്കുമ്പോൾ അർഹമായ വിഹിതം ഉറപ്പുവരുത്തേണ്ടതാണ്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ മേൽ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് അർഹമായ വിഹിതം ഉറപ്പുവരുത്തിയിട്ടില്ല. താഴെ പറയുംപ്രകാരം 18200 രൂപയ്ക്ക് അർഹതയുണ്ടെങ്കിലും 2015-16

സാമ്പത്തികവർഷം നൽകിയ പരമാവധി തുക 9000 രൂപയാണ്.

| ഇനം | തുക |
|---|---|
| സ്കോളർഷിപ്പ് (പ്രതിമാസം) 1000രൂപ നിരക്കിൽ 12മാസം | 12000 |
| വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) | 800 |
| പഠനസാമഗ്രികൾ(വാർഷികം) | 1400 |
| യാത്രാബത്ത (400 രൂപ നിരക്കിൽ 10മാസം) | 4000 |
| ആകെ | 18200 |

സബ്സിഡി മാർഗരേഖ 362/13 ത.സ്വ.ഭ.വ തീയതി 16.11.13 ഉത്തരവ് പ്രകാരം വികസനഫണ്ടിൽ നിന്നും നിർബന്ധമായും വകയിരുത്തേണ്ട മേൽ പദ്ധതിക്കായി എല്ലാ സ്രോതസ്സിൽ നിന്നും തുക ലഭ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതും ആവശ്യമായ അടങ്കൽ പ്രോജക്ട് പ്രകാരം ഉൾക്കൊള്ളിക്കേണ്ടതുമാണ്.

## 3-2 സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.218597രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്നപദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ/പ്രോജക്ട് | ട്രഷറിബിൽ നമ്പർ | ഡി.ഡി നമ്പർ/ തുക | തുക നൽകിയത് | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|
| 170/15-16 ഐ.കെ.എംന് അടക്കേണ്ട തുക | 35/15-16 /31.3.16 | 470233/5.4.16, 48540 രൂപ | ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് | വിനിയോഗ സാക്ഷ്യപത്രം |
| 23/16 കേരള സാമൂഹ്യ സുരക്ഷാമിഷനു സംഭാവന | 36/15-16 /31.3.16 | 470232/5.4.16, 100000രൂപ | എക്സിക്യൂട്ടീവ് ഡയറക്ടർ സോഷ്യൽ സെക്യൂരിറ്റി മിഷന് | വിനിയോഗ സാക്ഷ്യപത്രം |
| 113/16- 35ാം | 19/15-16 /19.1.16 | 750067/29.12.15 70057രൂപ | കൊടകര ബ്ലോക്ക് പഞ്ചായത്ത് | വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| നമ്പർഅംഗൻവാടി നിർമ്മാണം-ബ്ലോക്കിന് പഞ്ചായത്ത് വിഹിതം നൽകൽ | | | സെക്രട്ടറിയ്ക്ക് | |
| ആകെ | | 218597രൂപ | | |

## 3-3 പൊതു ടാപ്പുകളുടെ വെള്ളക്കരം -സംയുക്ത പരിശോധന നടത്തേണ്ടതാണ്

പൊതുടാപ്പുകൾക്ക് തൻവർഷം 540756 രൂപ വെള്ളക്കരമിനത്തിൽ അടവാക്കി വരുന്നു. വെള്ളക്കരമിനത്തിൽ വലിയ തുക അടവാക്കി വരുന്ന സാഹചര്യത്തിൽ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ യഥാർത്ഥ എണ്ണം അറിയുന്നതിനുവേണ്ടി വാട്ടർ അതോറിറ്റിയുമായി ചേർന്ന് 30.9.09 ലെ സ.ഉ. (സാ.ധാ.)1279/09 നമ്പർ ത.സ്വ.ഭ.വ പ്രകാരമുള്ള കുടിവെള്ള ടാപ്പുകളുടെ സംയുക്ത പരിശോധന നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-4 തെരുവുവിളക്കുപരിപാലനം -മാർഗരേഖയിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന 2 പ്രോജക്ടുകൾ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ട്രഷറി ബിൽ നമ്പർ/തീയതി | തുക |
|---|---|---|---|
| 34/16 | തെരുവ് വിളക്ക് മെയിന്റനൻസ്-ഉപകരണം വാങ്ങൽ | 1)9/15-16 /20.8.15- 44250/-<br>2)10/15-16 /20.8.15 -116564/<br>3)24/15-16 /23.2.16 -140701/ | 343455 |

| | | | |
|---|---|---|---|
| | | 4)26/15-16 /10.3.16 -41931/ | |
| 109/16 | തെരുവ് വിളക്ക് -മെയിന്റനൻസ് | 2/15-16 /25.7.15 | 59750 |
| 26/16 | തെരുവ് വിളക്ക് -മെയിന്റനൻസ് | 18/15-16 /19.1.16 | 95290 |

ക്രൂസിൽ (KREWS) നിന്നും തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് 343455 രൂപയും തെരുവ് വിളക്ക് പരിപാലനത്തിനായി ദിവസക്കൂലി അടിസ്ഥാനത്തിൽ ഇലക്ട്രീഷ്യനെ നിയമിച്ച് വേതനം നൽകുന്നതിനായി 59750, 95290 എന്നീ തുകകളുമാണ് ചെലവഴിച്ചത്. പഞ്ചായത്ത് ഡയറക്ടർ 17.8.2015-ൽ ജി2/44274/2015നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അടാട്ട് മോഡൽ തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. ടി മാർഗ്ഗരേഖയിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നു.

1. തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ സ്വീകരിക്കലും തുടർനടപടികൾക്കുമായി നോഡൽ ഓഫീസറെയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണ്. തെരുവ് വിളക്ക് സംബന്ധിച്ച പരാതികൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ ഇത് മെയിന്റൻസ് ടീമിന് കൈമാറേണ്ടതും പരിഹരിച്ച പരാതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുകയും നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതുമാണ്.

2. തെരുവ് വിളക്ക് മെയിന്റനൻസിനായി നിയമിക്കുന്ന ഇലക്ട്രീഷ്യന്റെ യോഗ്യത ഉറപ്പ് വരുത്തുകയും അവർ മതിയായ ഇൻഷുറൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കുകയും വേണം.

3. ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ ഒരു ദിവസം 15-നും 25-നും ഇടയ്ക്ക് തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കേണ്ടതും പ്രവർത്തന രഹിതമായ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നുണ്ട് എന്നുള്ളതും ഉറപ്പ് വരുത്തേണ്ടതാണ്.

4. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം തെരുവ് വിളക്കുകൾ റിസർവ്വായി കരുതാവുന്നതുമാണ്.

5. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമായി ബന്ധപ്പെട്ട് യഥാസമയം വൈദ്യുതി ലൈൻ ഓഫ് ചെയ്യുന്നതടക്കമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് കൃത്യമായ സംവിധാനം പഞ്ചായത്തു തലത്തിൽ ഏർപ്പെടുത്തേണ്ടതും മോണിറ്ററിങ്ങ് കമ്മിറ്റി യോഗത്തിൽ മാസത്തിലൊരിക്കൽ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരെക്കൂടി പങ്കെടുപ്പിച്ച് ഫലപ്രദമായി നടക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

6. ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടു വന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ

ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷം അവസാനം ഇപ്രകാരമുള്ള സ്റ്റോക്ക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റീക്കൺസൈൽ ചെയ്യുന്നുവെന്നും തെരുവ് വിളക്കും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതും സംബന്ധിച്ച സ.ഉ.(സാധാ)നം.2134/2015 /തസ്വഭവ. തീയതി 15.7.2015 പ്രകാരമുള്ള കാര്യങ്ങൾ സെക്രട്ടറി ഉറപ്പു വരുത്തേണ്ടതുമാണ്.

7. ഒരു മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഇതിന്റെ കൃത്യത പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുമാണ്.

മേൽപറഞ്ഞ കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ട് എന്ന് തെളിയിക്കുന്ന രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. തെരുവുവിളക്കു പരിപാലനം സംബന്ധിച്ച പദ്ധതി നടപ്പാക്കുമ്പോൾ മേൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-5 മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) നടപ്പിലാക്കിയ പദ്ധതികൾ -പണമടച്ച് മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ ലഭിച്ചിട്ടില്ല, സർക്കാർ ഉത്തരവ് പാലിക്കാതെ മരുന്ന് വാങ്ങുന്നതിന് പണം ചെലവഴിച്ചു

1. പാലിയേറ്റീവ് പരിചരണം(പ്രോജക്ട് നം. 142/16)

പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ ഭാഗമായി മരുന്നുകൾ വാങ്ങുന്നതിനായി വികസന ഫണ്ടിൽ നിന്നും പണം പിൻവലിച്ച് തിരുവനന്തപുരത്തെ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ അടച്ച് മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. പണമടച്ചതിന്റെയും ഇനിയും ലഭിക്കാനുള്ള മരുന്നുകളുടേയും തുകകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു

| ഡി .ഡി.നം, തീയതി | നല്കിയ തുക(₹) | റിമാർക്സ് |
|---|---|---|
| 469494/ 16.3.16 | 23344 | 30090 രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്. |
| 469857/ 31.3.16 | 24548 | |
| ആകെ | 47892 | |

2. പി.എച്ച്.സി. യിലേക്ക് ആവശ്യമായ മരുന്നു വാങ്ങൽ (പ്രോജക്ട് നം. 141/16)

| |
|---|
| ട്രഷറി ബിൽ 3/28.7.15- ₹9000 |

| |
|---|
| „ 9/31.12.15- ₹24467 |
| „ 13/15.3.16- ₹84089 |
| „ 16/19.3.16- 280087 |
| „ 17/19.3.16- ₹98837 |
| „ 18/30.3.16- ₹50000 |
| ആകെ -₹546480 |

(അ) സർക്കാർ ഉത്തരവ് പാലിക്കാതെ മരുന്ന് വാങ്ങുന്നതിന് പണം നല്കി.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി -പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ [സ.ഉ. (എം. എസ്.) നം.362/13/ത.സ്വ.ഭ.വ. /16.11.2013 ] അനുബന്ധം 1.7 (ii), അനുബന്ധം 16.7 (4) എന്നിവ പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നിനു വേണ്ടി തുക ചെലവഴിക്കാൻ പാടില്ല. എന്നാൽ മേൽപ്പറയുന്ന പ്രോജക്ടിന് തുക ചെലവഴിക്കുന്നതിന് ബന്ധപ്പെട്ട സർട്ടിഫിക്കറ്റ് ലഭിച്ചതായി കാണുന്നില്ല.

(ആ) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ പണം അടച്ച് മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ പൂർണ്ണമായി ലഭിച്ചതായി കാണുന്നില്ല. പണമടച്ചതിന്റെയും ഇനിയും ലഭിക്കാനുള്ള മരുന്നുകളുടേയും തുകകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു

| ഡി.ഡി.നം, തീയതി | നല്കിയ തുക(₹) | റിമാർക്സ് |
|---|---|---|
| 469490/ 16.3.16 | 84089 | 281321 രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്. |
| 469856/ 21.3.16 | 280087 | |
| 469855/ 21.3.16 | 98837 | |
| 470040/ 4.4.16 | 50000 | |
| ആകെ | 513013 | |

സർക്കാർ ഉത്തരവ് പാലിക്കാതെ മരുന്ന് വാങ്ങുന്നതിന് വിനിയോഗിച്ച 546480 രൂപയും പാലിയേറ്റീവ് പദ്ധതിയിൽ ഇനിയും ലഭിക്കാനുള്ള മരുന്നിന്റെ വിലയായ 30090 രൂപയും ഉൾപ്പെടെ 576570 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 പണം അടച്ച് മാസങ്ങൾ കഴിഞ്ഞിട്ടും ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

2015-16 വർഷം മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണോദ്യോഗസ്ഥയായ ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നു വാങ്ങൽ (പ്രോജക്റ്റ് നമ്പർ 53/2015-16) എന്ന പ്രോജക്റ്റ് നടപ്പിലാക്കാനായി സംരക്ഷണഫണ്ട് റോഡിതരത്തിൽ നിന്നും 2,50,000 രൂപ (ട്രഷറി ബിൽ 31/20.01.16-1ലക്ഷം രൂപ,ട്രഷറി ബിൽ 44/21.03.16-1.5ലക്ഷം രൂപ) പിൻവലിച്ച് ആലപ്പുഴയിലെ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. ഇതിൽ 1,98,945 രൂപയുടെ മരുന്നു മാത്രമാണ് നാളിതുവരെ ലഭിച്ച് സ്റ്റോക്കിലെടുത്തിട്ടുള്ളത്. ശേഷിക്കുന്ന 51,055 രൂപയുടെ മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. ആയത് ലഭ്യമാകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമായി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കുന്നതു വരെ 51055 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-7 രണ്ടാം ഘട്ട ആശ്രയ പദ്ധതി നിർവ്വഹണത്തിനായി ലഭിച്ച തുക ചെലവഴിക്കാതെ മൂതനിക്ഷേപമായി കിടക്കുന്നു.

പ്രോജക്റ്റ് നം: 129/2015-16

ട്രഷറി ബിൽ : 17/28.01.2016

രണ്ടാം ഘട്ട ആശ്രയ പദ്ധതി നടത്തിപ്പിനായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മേൽ പ്രകാരം 5,00,000രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) പിൻവലിച്ച് കുടുംബശ്രീ മെമ്പർ സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട് (ഡി.ഡി.നം. 750963/2.2.16). എന്നാൽ ഈ തുക ചെലവഴിക്കാതെ മൂതനിക്ഷേപമായി ബാങ്കിൽ കിടക്കുന്നു.(അക്കൗണ്ട് നം. 10276, കോർപ്പറേഷൻ ബാങ്ക്, പാലക്കപ്പറമ്പ്). സമൂഹത്തിലെ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കായി അനുവദിച്ച തുക അടിയന്തരമായി ചെലവഴിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

പദ്ധതി അവലോകനം

| ഇനം | ആദ്യത്തെ പ്രോജക്റ്റ് (2007-10) | രണ്ടാമത്തെ പ്രോജക്റ്റ് (2014-17) |
|---|---|---|
| പ്രോജക്റ്റ് പ്രകാരം ആകെ ഗുണഭോക്താക്കൾ | 131 | 61 |
| പ്രോജക്റ്റ് പ്രകാരം വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 44 | 1 |

| | | |
|---|---|---|
| നാളിതുവരെ ലഭിച്ചവർ | 10 | ഇല്ല |
| പ്രോജക്ട് പ്രകാരം വീട് ആവശ്യമുള്ളവർ | 79 | 6 |
| നാളിതുവരെ ലഭിച്ചവർ | 17 | ഇല്ല |
| വീട് അറ്റകുറ്റപ്പണി ആവശ്യമുള്ളവർ | 40 | 4 |
| നാളിതുവരെ ലഭിച്ചവർ | 35 | ഇല്ല |
| കക്കൂസ് ആവശ്യമുള്ളവർ | 8 | 1 |
| നാളിതുവരെ ലഭിച്ചവർ | 8 | 1 |
| കുടിവെള്ളം ആവശ്യമുള്ളവർ | 13 | 2 |
| നാളിതുവരെ ലഭിച്ചവർ | 13 | ഇല്ല |
| വൈദ്യുതി ആവശ്യമുള്ളവർ | 3 | ഇല്ല |
| നാളിതുവരെ ലഭിച്ചവർ | 3 | ഇല്ല |

.

## 3-8 രാജീവ്ഗാന്ധി സമ്പൂർണ്ണ ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ച് ധനസഹായം പൂർണ്ണമായി വാങ്ങിയിട്ടില്ല

ഗ്രാമ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം ആരംഭിച്ച രാജീവ്ഗാന്ധി സമ്പൂർണ്ണ ഭവന പദ്ധതിയിൽ (പ്രോജക്ട് നം.128/16) 95പേർ കരാർ വച്ച് പ്രവൃത്തി ആരംഭിച്ചു. താഴെപ്പറയുന്ന 3 പേർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ച് ധനസഹായം പൂർണ്ണമായി വാങ്ങിയിട്ടില്ല. കരാർ പ്രകാരം പ്രവൃത്തി 31.3.2016 ന് പൂർത്തികരിക്കേണ്ടതാണ്. സബ്സിഡി തുക 2 ലക്ഷം രൂപയാണ്.

<table>
<tr><th>ക്രമ നം.</th><th>ഗുണഭോക്താക്കളുടെ പേരും വിലാസവും</th><th>ഡി.ഡി. നം/തീയതി</th><th>കൈപ്പറ്റിയ തുക(₹)</th></tr>
<tr><td>1</td><td>ലക്ഷ്മി അശോകൻ, കല്ലൂർ മരാശാരി, കല്ലൂർ</td><td>281822/ 15.12.15</td><td>50000</td></tr>
<tr><td>2</td><td>സംഗീത പ്രകാശൻ, വെള്ളിത്തിരി വളപ്പിൽ, തൃക്കൂർ</td><td>281753/ 26.11.15</td><td>50000</td></tr>
<tr><td rowspan="3">3</td><td rowspan="3">ശാന്ത ബാലൻ, നെല്ലങ്കര വീട്, മുട്ടിത്തടി</td><td>288054/ 4.1.16</td><td>50000</td></tr>
<tr><td>001699/ 2.3.16</td><td>50000</td></tr>
<tr><td>006717/ 24.6.16</td><td>50000</td></tr>
</table>

മേൽ പറയുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് . ഗുണഭോക്താക്കൾ വിസമ്മതിക്കുന്ന പക്ഷം അവർക്കെതിരെ കരാർ ലംഘനത്തിന് നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-9 ടെണ്ടർഫോറം വില പഞ്ചായത്തിനു ലഭ്യമാക്കേണ്ടതാണ്.

2015-16 വർഷത്തിൽ തൃക്കൂർ ഗ്രാമപഞ്ചായത്തിൽ ആകെ 4 പ്രവർത്തികളാണ് ഇ -ടെണ്ടർ ചെയ്യിട്ടുള്ളത്. ആയതിന്റെ ടെണ്ടർഫോറം വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് അടവാക്കിയിരിക്കുന്നത്. 2015-16 വർഷത്തിൽ 19230 രൂപ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുണ്ട്. ടി തുക പഞ്ചായത്തിനു ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു,

| ക്രമ നമ്പർ | പ്രവൃത്തിയുടെപേര് | എസ്റ്റിമേറ്റ് തുക | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർഫോമിന്റെ വില |
|---|---|---|---|---|
| 1 | ആലേങ്ങാട് മംഗലംതണ്ട് വട്ടകൊട്ടായിറോഡ് റി-ടാറിങ്ങ് | 774000 | 2 | 2x1680=3360 |
| 2 | എലുവപ്പാടം ബ്രാഞ്ച്റോഡ് | 705524 | 2 | 2x1530=3060 |

| | | | | |
|---|---|---|---|---|
| | സൈഡ് പ്രൊട്ടക്ഷൻ.... | | | |
| 3 | മാവിൻചുവട് കമ്പനിപ്പടി മുല്ലക്കപറമ്പ് റോഡ് സോളിങ്ങ് മെറ്റലിങ്ങ് | 537000 | 2 | 2x1155=2310 |
| 4 | പാലക്കപറമ്പ് കോട്ടായി കനാൽബണ്ട് റോഡ് റിമെറ്റലിങ്ങ് | 1254000 | 2 | 2x5250=10500 |
| | ആകെ | | | 19230 |

## 3-10 മരാമത്ത്പ്രവർത്തികളുടെ ബില്ലിൽനിന്നും പിഴ ഈടാക്കിയിട്ടില്ല

ജി.ഒ(പി)നമ്പർ 84|97|pw&T dated 19.8.1997പ്രകാരം സെലക്ഷൻ നോട്ടീസ് നൽകി 20 ദിവസത്തിനകം കരാറുകാരൻ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടുവാൻ കഴിഞ്ഞില്ലെങ്കിൽ PACയുടെ 1% തുക പിഴ ഈടാക്കിക്കൊണ്ട് അടുത്ത 10ദിവസത്തിനുള്ളിൽ കരാർ ചമയ്ക്കുവാൻ അനുവദിയ്ക്കാവുന്നതാണ്. എന്നാൽ ഇത്തരത്തിൽ വൈകി കരാറിൽ ഏർപ്പെട്ടപ്പോൾ പിഴ ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | സെലക്ഷൻ നോട്ടീസ് തിയതി | കരാർതിയ്യതി | പിഴ 1% | കുറിപ്പ്-ബിൽതുക കരാറുകാരന്റെപേര് |
|---|---|---|---|---|---|---|
| 1 | പാലത്തുപറമ്പ് എസ് സി കോളനിറോഡ് | 29500 | 17.7.2015 | 8.9.2015 | 2950 | 291318 രാജേഷ് പി,ആർ |
| 2 | വേലായുധൻ മെമ്മോറിയൽ റോഡ്സെക്കന്റ് മെറ്റലിങ്ങ് ടാറിങ്ങ് | 365000 | 17.8.2015 | 19.9.15 | 3650 | കെ,ആർ.പോൾസൺ--364953 |
| 3 | നെടുങ്കുനളം റോഡ് സെക്കന്റ് മെറ്റലിങ്ങ് | 339000 | 17.8.2015 | 8.9.15 | 3390 | 199668-പി.ആർ.രാജേഷ് |

| | | | | | | |
|---|---|---|---|---|---|---|
| | ആകെ | | | | 9990രൂപ | |

# 3-11 റോഡ്കോൺക്രീറ്റിങ്ങ് ഡി എസ്ആർ പ്രകാരമല്ല

GO(MS)NO-74/2014/LSGD dated 7.5.2014ലെ സർക്കാർ നിർദ്ദേശപ്രകാരം റോഡ് കോൺക്രീറ്റിങ്ങിനു ഉപയോഗിക്കേണ്ടത് DAR ൽ റോഡ് പ്രവർത്തികളെ കുറിച്ച് പ്രതിപാദിക്കുന്ന 16ാംഅദ്ധ്യായത്തിലെ ഇനം 16.42 ആണ്. ഇതനുസരിച്ച് ചെയ്യേണ്ട പ്രവൃത്തി ചുവടെ ചേർക്കുന്നു,

“cement concret1:2:4(1cement,2coarse sand ,4graded stone aggregate 40 mm nominal size) in pavements laid to required slope and camber in panels as required including consolidation finishing and tamping complete” എന്നാൽ ഈ സ്പെസിഫിക്കേഷന് പകരം റോഡ് കോൺക്രീറ്റിങ്ങിനു DAR sub head 4ലെ 4.1.8 subhead 11ലെ 11.7 എന്നീ ഇനങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്.

4.1.8 അനുസരിച്ച് 1:4:8 എന്ന അനുപാതത്തിൽ കോൺക്രീറ്റിങ്ങ് നടത്തുകയും അതിനുമുകളിൽ 11.7 അനുസരിച്ച് 1:2:4 എന്ന അനുപാതത്തിലുള്ള കോൺക്രീറ്റിങ്ങും ചെയ്തു വരുന്നു, നിശ്ചിത സ്പെസിഫിക്കേഷൻ 16.42 ഉപയോഗിക്കാത്തതുകൊണ്ട് പഞ്ചായത്തിനു അധികചെലവു വരുന്നില്ലെങ്കിലും നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്നുകാണുന്നു. തെറ്റായ സ്പെസിഫിക്കേഷൻ ഉപയോഗിച്ച പ്രവർത്തികൾക്ക് ഉദാഹരണം താഴെകൊടുക്കുന്നു.

1)അദൂർക്കുന്ന് റോഡ് കോൺക്രീറ്റിങ്ങ്

2)കോനിക്കര scകോളനി റോഡ് കോൺക്രീറ്റിങ്ങ്

3)കാവല്ലൂർ sc കോളനി റോഡ് കോൺക്രീറ്റിങ്ങ്

നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരം പ്രവർത്തി നടത്താതിരിക്കുന്നതിനു എന്തെങ്കിലും കാരണമുണ്ടെങ്കിൽ വിശദീകരിക്കേണ്ടതാണ് .

# 3-12 ഭരത ചെക്ക്ഡാം-പ്രദേശവാസികളുടെ കുടിവെള്ളക്ഷാമത്തിനു പരിഹാരം കാണാൻ കഴിയുന്നില്ല

പീച്ചിഡാമിൽനിന്നും വരുന്ന വെള്ളം ശേഖരിച്ച് പരിസരവാസികൾക്ക് കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 1988 ലാണ് തൃക്കൂർ ഗ്രാമപഞ്ചായത്തിൽ ഭരത ചെക്ക്ഡാം നിർമ്മിച്ചത്. ഇത്തരത്തിൽ വെള്ളം ശേഖരിക്കുന്നതിനാൽ പരിസരപ്രദേശങ്ങളിലെ കിണറുകളിലെ വെള്ളത്തിന്റെ അളവ് കൂടുകയും തന്മൂലം പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ ഒരു പരിധിവരെ കഴിഞ്ഞിരുന്നു. എന്നാൽ ഇപ്രകാരം വെള്ളം ശേഖരിക്കുന്നതുമൂലം പനോക്കാരൻ കൊച്ചപ്പൻ മകൻ ജോണി, കിഴക്കുടൻ കുഞ്ഞൽ മകൻ ദിവാകരൻ എന്നിവരുടെ കൃഷിസ്ഥലത്ത് വെള്ളക്കെട്ടുണ്ടാവുകയും തുടർന്ന് കൃഷി നശിക്കുന്നതായും ടി വ്യക്തികൾ ബഹുമാനപ്പെട്ട ഇരിഞ്ഞാലക്കുട മുൻസിഫ് കോടതി മുമ്പാകെ os 1507 /2012പ്രകാരം കേസ് ഫയൽ ചെയ്തു. ബഹു.ഇരിഞ്ഞാലക്കുട പ്രിൻസിപ്പൽ മുൻസിഫ് കോടതി IA1363/15ഉത്തരവ് പ്രകാരം സ്റ്റാറ്റസ്കോ നിലനിർത്തി ഉത്തരവായിട്ടുണ്ട്. ടി കേസ് വിചാരണവേളയിൽ കേസ് ഒത്തുതീർക്കുന്നതിനായി മീഡിയേഷനു ചുമതലപ്പെടുത്തി

ഉത്തരവാകുകയും 23.2.2015 ലെ മീഡിയേഷൻ പ്രകാരം പരാതിക്കാർക്ക് കൃഷിനാശം വരാതെ ഭരത ചെക്ക്ഡാമിൽ വെള്ളം ശേഖരിക്കുന്നതിനായി തൃശ്ശൂർ മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടേയോ അദ്ദേഹത്തിന്റെ ഓഫീസിലെ ഉത്തരവാദപ്പെട്ടഉദ്യോഗസ്ഥരുടേയോ സേവനം ലഭ്യമാക്കുവാൻ നിർദ്ദേശം ലഭിച്ചിരുന്നു. എന്നാൽ ഇത്തരത്തിലൊരു നിർദ്ദേശം ലഭിച്ചതായികണ്ടില്ല.

10.6.2015ൽ നടന്ന മീഡിയേഷൻ എഗ്രിമെന്റിലെ പ്രധാന വ്യവസ്ഥകൾ താഴെകൊടുക്കുന്നു.

എഗ്രിമെന്റ് വ്യവസ്ഥ (1)അന്യായ പട്ടികവഹകൾ അളന്ന് അതിരു തിരിച്ചിട്ടുള്ളതാണ്. അന്യായ പട്ടികവഹകളിൽ തോടിനോട് ചേർന്ന് വാദികളുടെ പത്തു സെന്റ് വഹകളിൽ വെള്ളം കയറാത്ത വിധം ഉയർത്തുന്നതിനു ഒന്നാം പ്രതിയായ പഞ്ചായത്തിന് അനുവാദം നൽകിയിട്ടുള്ളതാണ്.

എഗ്രിമെന്റ് വ്യവസ്ഥ (3) ചെക്ക്ഡാമിന്റെ നിലവിലുള്ള കഴകൾ ഇപ്പോൾ സ്ഥിതി ചെയ്യുന്ന കോൺക്രീറ്റ് കെട്ടിന്റെ ടോപ് ലെവലിൽനിന്നും രണ്ടടി താഴ്ത്തി തോട്ടിലെജലനിരപ്പ് നിലനിർത്താമെന്ന് ഒന്നാംപ്രതി പഞ്ചായത്ത് സമ്മതിച്ചിരിക്കുന്നു. യാതൊരു കാരണവശാലും ജലനിരപ്പ് ഉയർത്താൻ പാടില്ലാത്തതാകുന്നു. ഈ എഗ്രിമെന്റിൽ ഇരുപാർട്ടികളും ഒപ്പുവച്ചിട്ടുള്ളതാണ്. 18.4.15 ൽ പഞ്ചായത്തുകമ്മറ്റി ചർച്ചചെയ്ത് തീരുമാനിച്ച (തീരുമാനം നമ്പർ 3) ഒത്തുതീർപ്പ നിർദ്ദേശങ്ങൾ തന്നെയാണ് മീഡിയേഷനിലെ വ്യവസ്ഥകൾ എന്നു കാണാം. പ്രദേശവാസികളുടെ പൊതുതാൽപര്യം സംരക്ഷിക്കാതെ രണ്ടു വ്യക്തികളുടെ താല്പര്യം മാത്രമാണിവിടെ സംരക്ഷിക്കപ്പെട്ടുകാണുന്നത്.

കേരളം ഒരു വരൾച്ചാബാധിത സംസ്ഥാനമായി പ്രഖ്യാപിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ മറ്റെന്തിനേക്കാളും പ്രാധാന്യം കുടിവെള്ളത്തിനുതന്നെയാണു നൽകേണ്ടത്. വർഷങ്ങൾ പഴക്കമുള്ള, പഞ്ചായത്തുപദ്ധതിപ്രകാരം പൂർത്തീകരിച്ച ചെക്ക്ഡാം ഉയർന്നപ്രദേശമായ ഭരതയിലെ അനേകം കുടുംബങ്ങളുടെ കുടിവെള്ളസ്രോതസ്സാണ്. അതു സംരക്ഷിക്കുവാൻ പഞ്ചായത്തിനു ബാദ്ധ്യതയുണ്ട്. ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | പ്രോജക്ട് നമ്പർ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, | 139/16 | 135000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | | കാലിത്തീറ്റ സബ്സിഡി, | 130/16 | 240000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

.
ഇല്ല

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 . വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം വായ്പാ തുകയിൽ നിന്നുള്ള ചെലവ്. | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| രാജീവ് ഗാന്ധി സമ്പൂർണ്ണ പാർപ്പിട പദ്ധതി | സ ഉ (എം എസ് )നം 83/ 13 .ത സ്വ ഭ വ , തിയതി , 11.3.2013 | 17200000 | --- | 17200000 | 1448733 | 348471 | 15751267 |

# 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4152 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ ആളുടെ | രശീത് |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | പേരും ഉദ്യോഗ പ്പേരും | നമ്പർ തിയ്യതി |
|---|---|---|---|---|
| 2004-05 | 3-4(2004-05 | 550 | വി.ആർ.മാധവൻ കോൺട്രാക്ടർ | 11510100561/ 21/5/15 |
| 2004-05 | 3-6(2004-05 | 571 | വി.ആർ.മാധവൻ കോൺട്രാക്ടർ | 11510100561/ 21/5/15 |
| 2004-06 | 3-9(2004-05 | 2100 | ഷീബ ഫ്രാങ്കോ | 11510101076/ 9/7/15 |
| 2013-14 | 2-3(2013-14) | 150 | വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 11510103153/ 11/2/15 |
| 2013-14 | 2-3(2013-14) | 150 | ബ്രാഞ്ച് പോസ്റ്റ് മാസ്റ്റർ,തൃക്കൂർ | 11510103195/ 15/12/15 |
| 1994-95,1995-96 | 21(1994-95) (1995-96) | 200 | സെക്രട്ടറി,തൃക്കൂർ ഗ്രാമപഞ്ചായത്ത് | 11510103825/ 5/2/16 |
| 1994-95, 1995-96 | 27(1)(1994-95) (1995-96) | 243 | സെക്രട്ടറി, തൃക്കൂർ ഗ്രാമപഞ്ചായത്ത് | 11510103826/ 5/2/16 |
| | 27(2)(1994-95) (1995-96) | 188 | സെക്രട്ടറി, തൃക്കൂർ ഗ്രാമപഞ്ചായത്ത് | 11510103826/ 5/2/16 |
| | | 4152 | | |

# 4-7. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43275487 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55256236 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 846222 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 218597 | എ.കെ.രാജൻ, സെക്രട്ടറി |
| 3-5 | 576570 | മെഡിക്കൽ ഓഫീസർ , പി .എച്ച്. സി., തൃക്കൂർ |
| 3-6 | 51055 | മെഡിക്കൽ ഓഫീസർ,ഗവ. ആയുർവ്വേദ ഡിസ്പെൻസറി,തൃക്കൂർ |
| ആകെ | 846222 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1981-82 | എൽ .എഫ്. ടി.എസ്2-825/11 തീയതി28.10.11/6.12.11 | |
| 82-83 | എൽ .എഫ്. ടി.എസ്2-825/11 തീയതി28.10.11/6.12.11 | |
| 84-85 | എൽ .എഫ്. ടി.എസ്2-825/11 തീയതി28.10.11/6.12.11 | |
| 86-87,87-88 | എൽ .എഫ്. ടി.എസ്2-825/11 തീയതി28.10.11/6.12.11 | |

| | | |
|---|---|---|
| 88-89,89-90,91-92 | എൽ .എഫ്. ടി.എസ്2-825/11 തീയതി28.10.11/6.12.11 | |
| 91-92 | എൽ .എഫ്. ടി.എസ്2-825/11 തീയതി28.10.11/6.12.11 | |
| 92-93,93-94 | എൽ .എഫ്. ടി.എസ്2-825/11 തീയതി28.10.11/6.12.11 | |
| 94-95 | എൽ .എഫ്. ടി.എസ്2-825/11 തീയതി28.10.11/6.12.11 | |
| 95-96 | എൽ .എഫ്. ടി.എസ്2-825/11 തീയതി28.10.11/6.12.11 | |
| 96-97(ചെലവ്) | എൽ .എഫ്. ടി.11-893/99 തീയതി19.4.99 | |
| 96-97(ഫൈനൽ) | എൽ .എഫ്. ടി.11-154/06 തീയതി31.5.06 | |
| 97-98ചെലവ് | എൽ .എഫ്. ടി.893/99 തീയതി19.4.99 | |
| 97-98ഫൈനൽ | എൽ .എഫ്. ടി.11-155/06 തീയതി31.5.06 | |
| 98-99ചെലവ് | എൽ .എഫ്. ടി11-662/00 തീയതി1.9.00 | |
| 98-99ഫൈനൽ | എൽ .എഫ്. ടി.11-1526/00 തീയതി18.10.06 | |
| 99-00,00-01,01-02പദ്ധതി ചെലവ് | എൽ .എഫ്. ടി.11-1069/03 തീയതി26.9.03 | |
| 99-00ഫൈനൽ | എൽ .എഫ്. ടി.11-1527/06 തീയതി20.10.06 | |
| 00-01 | എൽ .എഫ്. ടി11-1683 തീയതി 4.10.08 | |
| 01-02 | എൽ .എഫ്. ടി11-2361/07 തീയതി 4.10.08 | |

| | | |
|---|---|---|
| 02-03 | എൽ .എഫ്. ടി11-2370/07 തീയതി 4.10.08 | |
| 03-04 | എൽ .എഫ്. ടി.11-1364/08 തീയതി 3.8.09 | |
| 04-05 | എൽ .എഫ്. ടി11-1365/08 തീയതി 3.8.09 | |
| 05-06 | എൽ .എഫ്. ടി11-1620/09 തീയതി 8.8.10 | |
| 06-07 | എൽ .എഫ്. ടി.11-1621/09 തീയതി 18.8.10/31.1.11 | |
| 07-08 | എൽ .എഫ്. ടി(പി5)370/11 തീയതി 11.3.11 | |
| 08-09 | എൽ .എഫ്. ടി(പി5)371/11 തീയതി 15.3.11 | |
| 09-10 | എൽ .എഫ്. ടി(പി5)372/11 തീയതി 15.3.11 | |
| 10-11 | എൽ .എഫ്. ടി(പി4)710/12 തീയതി 18.9.12/2.3.13 | |
| 11-12 | എൽ .എഫ്. ടി(പി8)1568/13 തീയതി 14.3.14/12.5.14 | |
| 12-13 | എൽ. എഫ് .ടി.പി(പി8)379/14 തിയതി 12.1.15 | |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ (പി8)560/15/20.8.15 /12.10.15 | |
| 14-15 | കെ .എസ്. എ. ടി. എസ്.ആർ(പി6)1256/16 /28.7.2016 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ (പി.6)2058/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680020

ഫോൺ- 0487 2331249

തീയ്യതി:22.11.2016

ഇ.മെയിൽ-dotsr.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൃക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

No.KSA.TSR(P6)2058/2016

Kerala State Audit Department

District Audit Office,
Thrissur-680 020
Date:22.11.2016

Phone: 0487 2331249

E.mail- dotsr.ksad@kerala.gov.in

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Thrikkur Grama Panchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Thrikkur Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur